## പതിനാലാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :629 31.10.2016-ൽ മറുപടിക്ക്

**സർക്കാർ ഓഫീസുകളെ ജനസേവന കേന്ദ്രങ്ങളാക്കി ഉയർത്താൻ നടപടി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സി.കെ.ഹരീന്ദ്രൻ<br>ശ്രീ. എം.നൗഷാദ്<br>ശ്രീ. പി.കെ.ശശി | ശ്രീ.പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) വാഗ്ദാനം ചെയ്ത ചികിത്സാ സഹായം ദീർഘകാലമായി ലഭിക്കാത്തതിനാൽ താലൂക്ക് ഓഫീസിനു തീയിടാനിടയായ സംഭവത്തിന്റെ പശ്ചാത്തലത്തിൽ, സംസ്ഥാനത്ത് സേവനാവകാശ നിയമം എത്രമാത്രം ഫലപ്രദമായി നടപ്പാക്കാൻ മുൻ സർക്കാരിന് കഴിഞ്ഞുവെന്ന് അവലോകനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | (എ) അവലോകനം നടത്തിയിട്ടില്ല. അതോടൊപ്പം കേരള സംസ്ഥാന സേവനാവകാശ നിയമം 2012 പ്രകാരം റവന്യൂ വകുപ്പ് പുറപ്പെടുവിച്ച സേവനാവകാശങ്ങളുടെ പട്ടികയിൽ ചികിത്സാ ധനസഹായം ഉൾപ്പെടുന്നില്ല. ഈ നിയമത്തിന്റെ അപര്യാപ്തത അവലോകനം ചെയ്ത് സേവനാവകാശ നിയമത്തിന് കാലോചിതമായ ഭേദഗതി വരുത്തേണ്ടതിന്റെ ആവശ്യകത പരിശോധിക്കാവുന്നതാണ്. |

| | |
|---|---|
| (ബി) ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള അനാസ്ഥയും അലംഭാവവും കൊണ്ട് ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാതിരിക്കത്തക്കവിധം സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിന് എന്തു നടപടി സ്വീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ ; | (ബി) സേവനം കൃത്യസമയത്ത് നൽകുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും വീഴ്ചയുണ്ടാകുന്ന പക്ഷം ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും പിഴ ഈടാക്കുന്നതിനും അച്ചടക്ക നടപടിക്ക് വിധേയമാക്കുന്നതിനും സേവനാവകാശ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത് കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. |
| (സി) സർക്കാർ ഓഫീസുകളെ ജനസേവന കേന്ദ്രങ്ങളാക്കി ഉയർത്താൻ എന്തു ചെയ്യാനുദ്ദേശിക്കുന്നെന്ന് വിശദമാക്കുമോ ? | (സി) അഴിമതി മുക്തവും ജനസൗഹൃദവുമായ ഒരു സിവിൽ സർവ്വീസ് ഉറപ്പാക്കുന്നതിന് പ്രതിജ്ഞാബദ്ധമായ കേന്ദ്രങ്ങളാക്കി സർക്കാർ ഓഫീസുകളെ മാറ്റുക എന്നതാണ് ലക്ഷ്യം. അതിനായി സമഗ്രമായ ശുപാർശകൾ നൽകുന്നതിന് പുതുതായി രൂപീകരിച്ച ഭരണപരിഷ്കാര കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ